പ്രതികരണം

# വിഷമരണം അല്ലെങ്കിൽ പട്ടിണി മരണം



## എൻഡോസൾഫാൻ അറിയപ്പെടാത്ത സത്യങ്ങൾ

എൻഡോസൾഫാനെക്കുറിച്ച് സി. ജയകുമാർ എഴുതിയ ലേഖനവും (88:35) അതിനെ പ്രകീർത്തിച്ചുകൊണ്ട് ചില വായനക്കാർ എഴുതിയ കത്തുകളും (88:37) വായിച്ചപ്പോൾ കേന്ദ്രമന്ത്രിമാർ മുതൽ നമ്മുടെ പ്രിയനേതാവ് സുധീരൻ വരെ പറയാത്ത ചില സത്യങ്ങൾ അവശേഷിക്കുന്നതായി തോന്നിയതുകൊണ്ടാണ് ഈ കത്ത്. ഇത് പ്രസിദ്ധീകരിച്ചാലും ഇല്ലെങ്കിലും ഞാനെന്റെ കടമ നിർവഹിക്കട്ടെ.

അറുപതുകളുടെ ആദ്യം കൃഷി പഠിക്കാൻ നിർബന്ധിതനായ (മെഡിസിന് കിട്ടാത്തതുകൊണ്ട്) ഒരു ഹതഭാഗ്യനാണീ ലേഖകൻ! പക്ഷേ, കൃഷി പഠിച്ചുകഴിഞ്ഞപ്പോൾ നല്ലൊരു തൊഴിൽ പഠിച്ചതായുള്ള കൃതാർഥതയാണിപ്പോഴുള്ളത്. എൻഡോസൾഫാനെപ്പറ്റി ആരും പറയാത്ത ചില സത്യങ്ങൾ ഇവയാണ്:

1. ഇന്ത്യയിൽ വിപുലമായി കൃഷിചെയ്യുന്ന 100-ലധികംവരുന്ന കാർഷിക വിളകളെ കീട-രോഗങ്ങളിൽനിന്നും രക്ഷിക്കാനായി ഉപയോഗിക്കപ്പെടുന്ന അനേകം കൊടുംവിഷങ്ങളിൽ ഒന്നുമാത്രമാണ്

ഡോസൾഫാൻ.

3. എൻഡോസൾഫാൻ തുടർച്ചയായി ഒരു സ്ഥലത്ത് ഒരു വിളയ്ക്ക് (കശുമാവ്) 20 കൊല്ലം തളിച്ചത്, അതും ആകാശമാർഗം വിമാനത്തിലൂടെ, കീടനാശിനികൾ പ്രയോഗിക്കുമ്പോൾ പാലിക്കേണ്ട ചില പ്രധാന മുൻകരുതലുകളെ കാറ്റിൽ പറത്തിക്കൊണ്ടാണ്. എൻഡോസൾഫാന് പകരം ഇന്ന് മാർക്കറ്റിലുള്ള മറ്റേതൊരു സ്പർശകീടനാശിനികളും, കാസർകോട് നിവാസികൾക്ക് ഏല്പിച്ച പീഡനങ്ങൾ അതേ തീവ്രതയിൽത്തന്നെ നൽകുമായിരുന്നു.

4. ഇവിടെ യഥാർഥ വില്ലൻ എൻഡോസൾഫാനല്ല. അത്തരം കൊടുംവിഷം തുടർച്ചയായി 20 കൊല്ലം അവിടെ ആകാശമാർഗം തളിക്കാൻ മുൻകയ്യെടുത്ത ഉദ്യോഗസ്ഥന്മാരാണ് ഒന്നാം പ്രതികൾ. അവരെ ഇപ്പോഴെങ്കിലും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കാനുള്ള ഏർപ്പാടുകൾ ആണ് സർക്കാർ അടിയന്തരമായി എടുക്കേണ്ടത്. സംഭവം കഴിഞ്ഞ് 40 കൊല്ലത്തിന് ശേഷം നമുക്ക് ലക്ഷ്മണയെ ശിക്ഷിക്കാൻ കഴിഞ്ഞുവെങ്കിൽ ഇതും നടക്കാതിരിക്കില്ല. അത്തരം ശിക്ഷകൾ മാത്രമേ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ താക്കീതാകൂ.

5. കൃഷിയുടെ മേഖലയിൽ നിന്നും കീടനാശിനികളെ പൂർണമായും ഒഴിവാക്കുന്നത് നല്ലതുതന്നെ. 'ജൈവ കൃഷി' മാത്രമാണ് ആഗോളതാപനത്തിനുള്ള ഏറ്റവും നല്ല പ്രതിവിധിയെന്ന് പല വിദഗ്ധർക്കും അഭിപ്രായമുണ്ട്. പക്ഷേ, അത് ഭക്ഷ്യോത്പാദനം ഗണ്യമായി കുറയ്ക്കാൻ ഇടയാക്കുമെന്നതിനാൽ ലോകജനസംഖ്യ 600 കോടിയിൽനിന്നും 200 കോടിയായി കുറയ്ക്കേണ്ടിവരും! അതിന് ബിൻലാദൻ നമ്മെ സഹായിക്കുമായിരിക്കാം!!

**ഡോ. ആർ. ഗോപിമണി,**
തിരുവനന്തപുരം.

*മാതൃഭൂമി ആഴ്ചപ്പതിപ്പ് ഡിസംബർ പത്തിന് പ്രസിദ്ധീകരിച്ച ഡോ. ഗോപിമണിയുടെ കത്ത്*

**എൻഡോ സൾഫാൻ** അറിയപ്പെടാത്ത രഹസ്യങ്ങൾ എന്ന തലക്കെട്ടിൽ ഡോ.ഗോപി മണി എഴുതിയ കത്ത് (ലക്കം-40, ഡിസംബർ 12, മാതൃഭൂമി ആഴ്ചപ്പതിപ്പ്) കണ്ടു. ലേഖകൻ വെളിപ്പെടുത്തുന്ന അഞ്ച് പരമരഹസ്യങ്ങൾ വായിച്ചു കഴിയുമ്പോൾ സാമാന്യ ബുദ്ധിയുള്ള ആർക്കും അദ്ദേഹം പറയാതെ പറയുന്ന മറ്റൊരു രഹസ്യം കൂടി മനസിലാകും. അതിതാണ്, മനുഷ്യ രാശിയുടെ വിധി ഒന്നുകിൽ വിഷമരണം അല്ലെങ്കിൽ പട്ടിണി മരണം.

ഒന്നു ചോദിച്ചോട്ടെ ഇത് പറയാൻ ഒരു കൃഷി ശാസ്ത്രജ്ഞൻ വേണോ. (കൃഷിയുടെ ഡോക്ടറാണ് ഇദ്ദേഹം പേരിൽ തന്നെ അടയാളപ്പെടുത്തുന്നു.) വിഷബാധയിൽ നിന്നും പട്ടിക്കെടുതികളിൽ നിന്നും രക്ഷപെടാനുള്ള ഉപാധികൾ കണ്ടെടുക്കലും സമൂഹത്തിന് പറഞ്ഞു കൊടുക്കലമല്ലേ ഒരു ശാസ്ത്രജ്ഞന്റെ ദൗത്യം. ഇവിടെയാണ് ഡോ. ഗോപി മണി വെളിപ്പെടുത്തുന്നതായി അവകാശപ്പെടുന്ന രഹസ്യങ്ങൾക്കിടെ അദ്ദേഹം വിദഗ്ധമായി ഒളിച്ചുവെക്കുന്ന മറ്റൊരു രഹസ്യം അനാവൃതമാകുന്നത്. എൻഡോസൾഫാൻ വിഷത്തിനനുകൂലമായ വക്കാലത്താണ് ആ രഹസ്യം. ആ വക്കാലത്ത് പുറത്ത് ചാടിക്കാൻ അവതരിപ്പിക്കപ്പെട്ട അഞ്ച് രഹസ്യങ്ങൾ ഓരോന്നായി ചുരുക്കത്തിൽ പരിശോധിക്കാം.

1, നൂറു കൊടും വിഷങ്ങളുണ്ട് കീടനാശിനികളിൽ. അതിലൊന്നു മാത്രമാണം എൻഡോ സൾഫാൻ. ( എന്നിട്ടും പാവം അതിനെ ഇത്ര മാത്രം എന്തിനിങ്ങനെ ക്രൂശിക്കുന്ന എന്ന നിലപാട് വ്യക്തം)

2, തേനീച്ചകളെ കൊല്ലാത്തതു കൊണ്ട് താരതമ്യേന സുരക്ഷിതമെന്നു കരുതപ്പെടുന്ന കീടനാശിനിയാണ് എൻഡോസൾഫാൻ. ( കാസർകോടൻ ഗ്രാമങ്ങളിൽ ദുരന്തങ്ങ**പ്രതികരണം**റങ്ങി മനുഷ്യരെ ഇഞ്ചിഞ്ചായി കൊന്നൊടുക്കുന്നുവെന്നും ലേഖകൻ തന്നെ സമ്മതിക്കുന്ന ഒരു കൊടും വിഷം തേനീച്ചയെ കൊല്ലുന്നില്ലന്നതു കൊണ്ട് താരതമ്യേന സുരക്ഷിതമാണെന്ന പ്രയോഗം അതിവിചിത്ര

മായ രഹസ്യം തന്നെ. )

3, മുൻകരുതലുകൾ കാറ്റിൽപ്പറത്തി ഇരുപതു കൊല്ലം തുടർച്ചയായി ആകാശ മാർഗം വിഷം തളിച്ചതു കൊണ്ടാണ് കാസർകോട് ദുരന്തമുണ്ടായത്. ( ഇവിടെയും ഒരു ചോദ്യം. ഇപ്പോൾ രഹസ്യം വെളിപ്പെടുത്തുന്ന ഡോക്ടർമാരടക്കം അനേകം കാർഷിക വിദഗ്ധൻമാരും പാക്കേജ് ഓഫ് പ്രാക്ടീസസും കൈയ്യിൽ വച്ചു മലയാളനാട്ടിൽ കൃഷിയെ പരീക്ഷിച്ചു കൊണ്ടിരുന്ന അതേ കാലഘട്ടത്തിൽ തന്നെയാണ് ഒരു പൊതുമേഖലാ സ്ഥാപനം കൂട്ടക്കൊലപാതക ശ്രമമായ ആ കൃത്യം നടത്തിക്കൊണ്ടിരുന്നത്. എന്നിട്ടുമെന്തേ ആരും അറിയാതിരുന്നതും അറിഞ്ഞവർ തടയാതിരുന്നതും. കൃഷിവകുപ്പിലെ ഒരു സാധാരണ അസിസ്സ്റ്റന്റായിരുന്ന ലീലാകുമാരിയമ്മ വേണ്ടി വന്നു ഈ വിഷമാരിക്കെതിരെ കുരിശു യുദ്ധം നയിക്കാൻ.

4, കുഴപ്പക്കാരൻ എൻഡോസൾഫാനല്ല, ആകാശമാർഗം അത് വർഷിച്ച പ്ളാന്റേഷൻ കോർപറേഷൻ.

(ഇവിടെയും രഹസ്യം വെളിപ്പെടുത്തൽ എൻഡോസൾഫാന് അനുകൂലമായി മാറുന്നുണ്ട്. അരിയും തിന്ന് ....... കടിച്ചിട്ടും പോരാ പിന്നെയും വിഷക്കമ്പനി മുറുമുറുത്തു കൊണ്ടിരിക്കെ ഇനിയും സുരക്ഷിതമായ വിഷപ്രയോഗം എന്നൊക്കെ വ്യാഖ്യാനിക്കുന്നത് ആർക്കു വേണ്ടിയാണെന്നത് പകൽപോലെ വ്യക്തമാണ്.

5, കൃഷിയിൽ കീടനാശിനികൾ പൂർണമായുപേക്ഷിച്ചാൽ പട്ടിണിയുണ്ടാകുമെന്നും അപ്പോൾ ജനസംഖ്യ കുറയ്ക്കാൻ ബിൻലാദൻമാരെ ക്ഷണിക്കേണ്ടി വരുമെന്നുള്ള രഹസ്യം വെളിപ്പെടുത്തുമ്പോൾ സത്യത്തിൽ ക്രൂരമായി പരിഹാസം ഉതിർക്കുകയാണ് ലേഖകൻ. കൃഷിശാസ്ത്രം പഠിപ്പിച്ചും പെതുഖജനാവിൽ നിന്നു ശമ്പളം പറ്റിയും പിന്നെ പെൻഷൻ പറ്റിക്കൊണ്ടും കഴിഞ്ഞു കൂടുന്ന ഒരാൾക്ക് ഒട്ടും ചേർന്നതല്ല ഈ ക്രൂരമായ പരിഹാസമെന്നു നാട്ടുകാർ കരുതുമെന്നെങ്കിലും ഓർക്കേണ്ടതായിരുന്നു ലേഖകൻ.

വിഷമരണവും പട്ടിണി മരണവും ഈ ലോകത്ത് ഏതൊരു മനുഷ്യനെയും ലജ്ജിപ്പിക്കുകയും ദുഖിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതിനുള്ള ഉപശാന്തി അന്വേഷിക്കൽ ഏതൊരാളുടെയും ധർമവുമാണ്. അതിന് വിദഗ്ധനോ ഡോക്ടറോ ആകേണ്ടതില്ല. ശമ്പളാധിഷ്ഠിത കൃഷിശാസ്ത്രങ്ങൾക്ക് പുറത് മേൽപറഞ്ഞ ദുരന്തങ്ങൾക്ക് ഉപശാന്തി തേടുന്ന ഒരുവലിയ ലോകമുണ്ട്. പരിഹാരങ്ങളുടെ മാതൃകകൾ ഉണ്ടായി വരുന്നുമുണ്ട്. എ.സി യാത്രബത്തയും ദിനബത്തയും നല് സൗജന്യഭക്ഷണവും താമസവും തരമായാൽ മാത്രം കൃഷിശാസ്ത്രം പഠിക്കുകയും പഠിപ്പിക്കുയും ചെയ്യുന്നവർക്ക് പുറത്ത് ജീവരാശിയോടുള്ള വിശാല കർത്തവ്യം തിരിച്ചറിഞ്ഞ് സ്വമനസാലെ വിഷമുക്ത കൃഷിയിലും ഗവേഷണങ്ങളിലും ഏർപ്പെട്ട വലിയ മനുഷ്യരുടെ ചെറിയ ഇടങ്ങളുള്ളതും ആരും കാണാതിരിക്കരുത്. ഒരുദാഹരണം പറയട്ടെ. പരിസ്ഥിതി സൗഹൃദ ചെലവില്ലാ പ്രകൃതി കൃഷി പ്രചരിപ്പിക്കുന്ന ശ്രീ സുഭാഷ് പലേക്കർ നേതൃത്വം നൽകിയ കൃഷി ശിൽപശാല (2010 ആഗസ്റ്റ് 27,30 തൃശൂർ അഷ്ടമിച്ചിറ) യിൽമുഴുവൻ സമയവും അർപ്പണ മനസോടെ പങ്കെടുത്തത് കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളിൽ നിന്നുള്ള അഞ്ഞൂറിലധികം യഥായർഥ കർഷകരാണ്. ( സ്വന്തം ചെലവിൽ യാത്രയും ഭക്ഷണവും താമസവും കരുതിയാണ് ഇവരെത്തിയത്.) വിഷവത്കരണ ദാരിദ്ര ദുഖങ്ങളിലമർന്നവരുടെ ലോകം തേടിക്കൊണ്ടിരിക്കുന്നത്, ആ കാലങ്ങളെ മറികടന്ന് മുന്നോട്ട് പോകാനാവും എന്ന് പ്രതീക്ഷ തരുന്ന മനസുകളെയും പ്രവർത്തനങ്ങളെയുമാണ്. അവരിലൊരാളാവാൻ കഴിയുമോ എന്നാണ് ഈ വേളയിലെങ്കിലും ലേഖകനെപ്പോലുള്ളവിദഗ്ധർ ആലോചിക്കേണ്ടതെന്ന് പറയാൻ തോന്നുന്നു.

സി. രാജഗോപാലൻ
പള്ളിപ്പുറം
പട്ടാമ്പി

# മികച്ച മനുഷ്യാവകാശ കൃതിക്ക് ഓറ മാസിക പുരസ്കാരം നൽകുന്നു

**മനുഷ്യാവകാശ** ബോധവത്കരണം, മനുഷ്യാവകാശ സംരക്ഷണം എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനു ഏറ്റവും സഹായകമായ മൗലികമലയാള കൃതിക്കാണ് പുരസ്കാരം.

10,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഇന്ത്യയിൽ മനുഷ്യാവകാശ നിയമം നിലവിൽ വന്ന 1993 സെപ്തംബർ 28 മുതൽ 2010 ഡിസംബർ 31 വരെ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മൗലിക കൃതിക്കാണ് പരിഗണിക്കപ്പെടുക. കൃതിയുടെ ദൈർഘ്യം, സാഹിത്യശാഖ, എന്നിവ സംബന്ധിച്ച് നിബന്ധനകൾ ഒന്നുമില്ല. ഗ്രന്ഥകർത്താവിനോ, പ്രസാധകർക്കോ, വായനക്കാർക്കോ, എൻട്രികൾ അയയ്ക്കാം. പുസ്തകത്തിന്റെ 4 പ്രതികൾ, ഗ്രന്ഥകർത്താവിന്റെ ലഘുജീവിത ചരിത്രക്കുറിപ്പ് സഹിതം 28.02.2011 ന് മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.

പുരസ്കാര നിർണ്ണയം സംബന്ധിച്ച ഓറ മാസിക നിയോഗിക്കുന്ന വിദഗ്ധസമിതിയുടെ തീരുമാനം അന്തിമമായിരിക്കും. പുസ്തകത്തിന്റെ പ്രതികൾ അയയ്ക്കുന്ന കവറിന്റെ പുറത്ത്, ഓറമാസികയുടെ പ്രഥമ മനുഷ്യാവകാശ പുരസ്കാരം എന്നെഴുതി അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട വിലാസം, മാനേജിംഗ് എഡിറ്റർ, ഓറ മാസിക, പുന്നപ്രനോർത്ത് പി.ഒ, ആലപ്പുഴ, 688014.